**Athmaraksha.org**

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## കർത്താവിൽ പൂർണ്ണമായി ആശ്രയിക്കുക




മനുഷ്യനിൽ ഇനി വിശ്വാസമർപ്പിക്കരുത്; അവൻ ഒരു ശ്വാസം മാത്രം, അവനെന്തു വിലയുണ്ട്? (ഏശയ്യാ 2:22). ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല (ഏശയ്യാ 40:31).

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത് (സങ്കീർത്തനങ്ങൾ 118:8).
ഞാൻ സകല മർത്ത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ? (ജറെമിയാ 32:27).

ആപത്തിൽ അടി പതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നു നിൽക്കുക; നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും. വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ, സ്വർണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും. കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് നിന്നെ സഹായിക്കും. നേരായ മാർഗത്തിൽ ചരിക്കുക; കർത്താവിൽ പ്രത്യാശ അർപ്പിക്കുക. കർത്താവിന്റെ ഭക്തരേ, അവിടുത്തെ കരുണയ്ക്കുവേണ്ടി കാത്തിരിക്കുവിൻ; വീഴാതിരിക്കാൻ വഴി തെറ്റരുത്. കർത്താവിന്റെ ഭക്തരേ, അവിടുത്തെ ആശ്രയിക്കുവിൻ; പ്രതിഫലം ലഭിക്കാതിരിക്കുകയില്ല. കർത്താവിന്റെ ഭക്തരേ, ഐശ്വര്യവും നിത്യാനന്ദവും അനുഗ്രഹവും പ്രതീക്ഷിക്കുവിൻ. കഴിഞ്ഞ തലമുറകളെപ്പറ്റി ചിന്തിക്കുവിൻ; കർത്താവിനെ ആശ്രയിച്ചിട്ട് ആരാണ് ഭഗ്നാശനായത്? കർത്താവിന്റെ ഭക്തരിൽ ആരാണ് പരിത്യക്തനായത്? അവിടുത്തെ വിളിച്ചപേക്ഷിച്ചിട്ട് ആരാണ് അവഗണിക്കപ്പെട്ടത്? കർത്താവ് ആർദ്രഹൃദയനും കരുണാമയനുമാണ്. അവിടുന്ന് പാപങ്ങൾ ക്ഷമിക്കുകയും കഷ്ടതയുടെ ദിനങ്ങളിൽ രക്ഷയ്ക്കെത്തുകയും ചെയ്യുന്നു (പ്രഭാഷകൻ 2:2-11).

ദുഷ്ടർ അനുഭവിക്കേണ്ട വേദനകൾ വളരെയാണ്; കർത്താവിൽ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയംചെയ്യും (സങ്കീർത്തനങ്ങൾ 32:10). മനുഷ്യന്റെ പാദങ്ങളെ

നയിക്കുന്നതു കർത്താവാണ്; തനിക്കു പ്രീതികരമായി ചരിക്കുന്നവനെ അവിടുന്നു സുസ്ഥിരനാക്കും. അവൻ വീണേക്കാം, എന്നാൽ,അതു മാരകമായിരിക്കുകയില്ല; കർത്താവ് അവന്റെ കൈയിൽ പിടിച്ചിട്ടുണ്ട് (സങ്കീ 37:23-24). അവിടുന്നു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെമുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു (സങ്കീ 147:3).

ഞാൻ നിന്നെ ഒരു വിധത്തിലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ഇല്ല എന്ന് അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ (ഹെബ്രായർ 13:5).

അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കാ 15:7).

കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന് വേദനിപ്പിച്ചാലും തന്റെ കാരുണ്യാതിരേകത്തിന് അനുസൃതമായി ദയ കാണിക്കും (വിലാപങ്ങൾ 3:31-32).

കഴിഞ്ഞകാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ. ഇതാ, ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അതു മുളയെടുക്കുന്നതു നിങ്ങൾ അറിയുന്നില്ലേ? ഞാൻ വിജനദേശത്ത് ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും (ഏശയ്യാ 43:18-19).